## പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

26.06.2013 ൽ മറുപടിക്ക്

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം 4197

### സൗഹൃദഗ്രാമം ടൂറിസം പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. കെ.ദാസൻ** | **ശ്രീ. എ.പി.അനിൽകുമാർ (ബഹു.പട്ടികജാതി - പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി)** |
| എ) പഞ്ചായത്തുകൾ കേന്ദ്രീകരിച്ച് 'സൗഹൃദഗ്രാമം' ടൂറിസം പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ ; വിശദാംശം വ്യക്തമാക്കാമോ ; | എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി സഹകരിച്ചുകൊണ്ട് 'എന്റെ ഗ്രാമം ടൂറിസം സൗഹൃദ ഗ്രാമം' എന്ന പദ്ധതി ടൂറിസം വകുപ്പ് തയ്യാറാക്കിയിട്ടുണ്ട്. ഇതു പ്രകാരം നടപ്പാക്കുന്ന ടൂറിസം പദ്ധതികൾക്ക് ടൂറിസം വകുപ്പിൽ നിന്നും പദ്ധതി ചെലവിന്റെ 50% വരെ (പരമാവധി 10 ലക്ഷം രൂപ) സഹായം നൽകുവാൻ വ്യവസ്ഥയുണ്ട്. |
| ബി) പ്രസ്തുത പദ്ധതിയിൻ കീഴിൽ സംസ്ഥാനത്ത് ഏതെല്ലാം പഞ്ചായത്തുകളിൽ എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട് ; വ്യക്തമാക്കാമോ ? | ബി) പദ്ധതി പ്രകാരമുള്ള അപേക്ഷകൾ ലഭിച്ചു തുടങ്ങിയിട്ടില്ല. |

സെക്ഷൻ ഓഫീസർ